"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. PLGEA-BPE3/35/2026-PLGEA
ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06-07-2026

<u>സർക്കുലർ</u>

വിഷയം:- ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് - പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വാർഷികകണക്കിന്മേൽ ധനകാര്യ വകുപ്പ് അഭിപ്രായം നൽകുന്നതിനുള്ള സമയപരിധി - സംബന്ധിച്ച്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ (Annual Accounts) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനും സിഎജി ഓഡിറ്റിനും ശേഷം സർക്കാരിന്റെ അഭിപ്രായത്തിനായി സമർപ്പിക്കേണ്ടതുണ്ട്.

2.സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നയരൂപീകരണത്തിനായി ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പ് സംഘടിപ്പിച്ച ശില്പശാലകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികൾ പങ്കെടുത്ത ഏകദിന കോൺക്ലേവിലും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ (Annual Accounts) സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുകയും, വാർഷിക കണക്കുകളിന്മേൽ സർക്കാരിന്റെ അഭിപ്രായം ലഭ്യമാകുന്നതിന് സമയപരിധി നിശ്ചയിക്കുന്നത് ഉചിതമായിരിക്കും എന്ന നിർദ്ദേശം ഉയർന്നു വരികയും ചെയ്തിട്ടുണ്ട്.

3. പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വാർഷിക കണക്കുകളിന്മേൽ (Annual Accounts) സർക്കാരിന്റെ അഭിപ്രായങ്ങൾ പരമാവധി 30 ദിവസത്തെ സമയ പരിധിയ്ക്കുള്ളിൽ ലഭ്യമാക്കുവാനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും /മാനേജിംഗ്

ഡയറക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണ വകുപ്പുകൾക്കും.
ധനകാര്യ (പി.യു.എ) വകുപ്പ് (28.03.2026 ലെ പി.യു.എ3/20/2026/ധന (3449239) പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Neelima G**
**Date: 07-07-2026 12:04:40**

സെക്ഷൻ ഓഫീസർ.